# ഹെവൻലി മിൽക്ക് ബൂത്ത്

ഇന്ന് ലോകത്തിലാകമാനം ക്ഷാമവും വിലക്കയറ്റവും അധികരിച്ചിരിക്കയാണല്ലോ. അതിനാൽ മാർക്കറ്റിൽ സാധനങ്ങൾ മായം ചേർത്ത് മാത്രമേ നമുക്കു ലഭിക്കുന്നുള്ളൂ. ഓരോന്നിലും മായം ചേർക്കുന്നതിന് പുതിയ പുതിയ ഉപാധികൾ മനുഷ്യർ കണ്ടുപിടിക്കുന്നു. അതിനുദാഹരണമാണ് വെൺമയമായ പാലിൽ ചില കായ്കൾ അരച്ചുചേർക്കുന്നത്. ആഹാര പദാർത്ഥങ്ങളിൽ മായം ചേർക്കുന്നതിനാൽ മനുഷ്യയുസ് കുറയുകയും യൗവ്വനക്കാർ ദിനംപ്രതി ക്ഷീണിച്ചും തളർന്നും ഉത്സാഹമില്ലാത്തവരായി കാണപ്പെടുകയും ചെയ്യുന്നു. ഇതിന്റെ പ്രത്യക്ഷ ലക്ഷണമായി നമ്മുടെ യൗവ്വനക്കാർ ഭിത്തികളെ ആശ്രയിച്ച് സഭായോഗങ്ങളിൽ ഇരിക്കുന്നത് നാം ഈ അന്ത്യകാലത്ത് കണ്ടുവരുന്ന കാഴ്ചയാണ്. പെന്തക്കോസ്തു യൗവ്വനക്കാരുടെ ഉത്സാഹമില്ലായ്മയും, താല്പര്യക്കുറവും, മനോബലം നഷ്ടപ്പെട്ട അവസ്ഥയും കാണുമ്പോൾ പെന്തക്കോസ്തിൻ ശക്തി തന്നെ നഷ്ടപ്പെട്ടിരിക്കുന്നുവോ എന്ന് സംശയിച്ചു പോകാറുണ്ട്. അതിനാൽ ഈ അന്ത്യകാലത്ത് ആത്മീയഗോളത്തിൽ പടർന്ന് പിടിച്ചിരിക്കുന്ന ക്ഷീണം മാറേണ്ടതിന് എല്ലാവർക്കും അറിയാവുന്നതും എന്നാൽ ശ്രദ്ധിക്കാത്തതുമായ മായം ചേർക്കാത്ത നല്ല പാൽ ലഭിക്കുന്ന മിൽക്ക് ബൂത്തിനെ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനാഗ്രഹിക്കുന്നു.

അഖിലലോക പ്രശസ്തിയാർജ്ജിച്ച ജീസസ് ആൻറ് ഡിസൈപ്പിൾസ് കമ്പനിയുടെ മേൽനോട്ടത്തിൽ തയ്യാറാക്കപ്പെട്ട വചനമെന്ന മായമില്ലാത്ത പാൽ ഈ ബൂത്തിൽ നിന്നും സൗജന്യമായി കൊടുക്കുന്നു. ആത്മീയ ശിശുക്കൾക്ക് ഏറ്റവും നല്ല സമീകൃതാഹാരമാണിത്. വളർച്ചയ്ക്ക് ആവശ്യമായ എല്ലാപോഷകാംശങ്ങളും ഇതിൽ ഉൾക്കൊള്ളിക്കുവാൻ കമ്പനി വളരെയേറെ ശ്രദ്ധചെലുത്തിയിട്ടുണ്ട്. മുടങ്ങാതെ ഇത് കഴിക്കുന്നവർക്ക് ദിവസങ്ങൾക്കകം അത്ഭുത വളർച്ച അനുഭവിക്കുവാൻ കഴിയും. മറ്റു കമ്പനികളെപോലെ പരസ്യത്തിനായി മെച്ചപ്പെടുത്തി പ്രസിദ്ധപ്പെടുത്തുന്നതല്ല. കാരണം ഇത് സൗജന്യമാണ്. പോഷകാഹാരക്കുറവ് മൂലം വളർച്ചയില്ലാത്ത ആത്മീയശിശുക്കൾക്കായി പ്രത്യേകം തയ്യാറാക്കപ്പെട്ടതെങ്കിലും ഏതു് പ്രായക്കാർക്കും അത്യുത്തമം. ആത്മീയക്ഷീണം, ഉന്മേഷക്കുറവ്, വളർച്ചയില്ലായ്മ, പിന്മാറ്റം, എന്നീ രോഗങ്ങൾക്ക് മെഡിക്കൽ സയൻസ് മരുന്ന് കണ്ടുപിടിച്ചിട്ടില്ലെങ്കിലും ഈ മിൽക്ക് പരിഹാരമുണ്ടാക്കുന്നു. വിശ്വാസം, പ്രത്യാശ, സ്നേഹം, സമാധാനം, സന്തോഷം, എന്നീ വൈറ്റമെൻസ് ലോഭമെന്യേ ഇതിലുൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ മേത്തരമായ ഗോതമ്പ്, മട്ടൂറിയ വീഞ്ഞ്, മാതളപ്പഴം, ദൂദായിപ്പഴം, മുന്തിരിക്കുല, തേൻകട്ട എന്നീ അസംഖ്യം പദാർത്ഥങ്ങളുടെ സത്ത് ഇതിൽ ക്രമമായി ചേർത്തിട്ടുണ്ട്.

അനേക നൂറ്റാണ്ടുകളിലായി വിശ്വ പ്രസിദ്ധി നേടി, ആയിരമായിരങ്ങളെ ആത്മീയ ജീവിതത്തിൽ വളർത്തിയെടുത്ത ഈ മായമില്ലാത്ത പാലിന് ഈ ദിനങ്ങളിൽ പരസ്യ മാർക്കറ്റിൽ പ്രിയം കുറഞ്ഞ് വരുന്നതായി കമ്പനിക്ക് ബോദ്ധ്യപ്പെട്ടതിനാലാണ് ഈ പരസ്യം പുറപ്പെടുവിക്കുന്നത്. അതോടൊപ്പം തന്നെ അനുകരണ ശ്രമങ്ങളെക്കുറിച്ച് ഉപഭോക്താക്കൾക്ക് ഒരു മുന്നറിയിപ്പും തരികയാണ്. വചനമെന്ന പാലിൽ മായം ചേർത്ത് കൊടുക്കുവാൻ ശ്രമിക്കുന്നവർ നിത്യശിക്ഷ വിധിക്കപ്പെടുന്നതാണ്.

MGM Ministries-Article Source: Jyothimargom, July 1988, Vol. 5, No. 7, Page 12, 13

MGM Ministries-Article Source: Jyothimargom, July 1988, Vol. 5, No. 7, Page 12; 13

കഴിഞ്ഞ ചില വർഷങ്ങൾക്ക് മുമ്പ് പാരീസിലെ വോൾട്ടയറെന്ന മഹാൻ ഈ മിൽക്ക് ബൂത്തിന്റെ പ്രസിദ്ധിയിൽ അസൂയാലുവായി ഇതിനെ അടച്ചുപൂട്ടിക്കുമെന്ന് വീമ്പിളക്കി. എന്നാൽ ഇന്ന് ആ മഹാന്റെ ഭവനത്തിൽ നിന്നുതന്നെ ലോകത്തിന്റെ നാലു ദിക്കുകളിലേക്കും ഈ പാൽ സപ്ലൈ ചെയ്യുന്നു.

## താഴെ കാണുന്ന വിവരങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക.

1 ഡോളറിന്റെ ആകർഷണ വലയത്തിൽപ്പെട്ട് ചിലർ ഇതിൽ ദുരുപദേശം എന്ന മാരകവിഷം ചേർക്കുന്നതായി കമ്പനിക്ക് അറിവ് കിട്ടിയിട്ടുണ്ട്. താമസംവിനാ പരിശുദ്ധാത്മാവെന്ന കമ്പനി ജനറൽ മാനേജർ എല്ലാസ്ഥലങ്ങളും സന്ദർശിച്ച് കർശനമായ ശിക്ഷാനടപടികളെടുക്കുന്നതാണ്.
2 അഭിഷേകമെന്ന യൂണിഫോം ഉള്ള ഉദ്യോഗസ്ഥൻമാർ വിതരണം ചെയ്യുന്ന അറുക്കപ്പെട്ട കുഞ്ഞാടിന്റെ ട്രേഡ്മാർക്കുള്ള കുപ്പികളിൽ നിന്നു മാത്രം വാങ്ങുക. വിതരണം കുറവായിരുന്ന റഷ്യ, ചൈന, ജപ്പാൻ എന്നീ രാജ്യങ്ങളിലും മിൽക്ക്ബൂത്തുകൾ ആരംഭിച്ചിരിക്കുന്നു.

## പ്രത്യേകതകൾ

* രാപകലില്ലാതെ പ്രവൃത്തിക്കുന്ന ഏക മിൽക്ക് ബൂത്ത് ശൃംഖല. ഒഴിവുദിവസങ്ങളില്ല. ഞായറാഴ്ച കൂടുതൽ സപ്ലൈ ഉണ്ടായിരിക്കുന്നതാണ്.
* പ്രായപരിധിയില്ല. എല്ലാവർക്കും ഉപയോഗപ്രദം.

ഡോസേജ്: ദിവസം മൂന്ന് നേരം വീതം അരമണിക്കൂർ വീതം തുടർച്ചയായി കഴിക്കുക. അന്യചിന്തയും അശ്രദ്ധയും പാടില്ല. പാൽ കുടിക്കുന്നതോടൊപ്പം പ്രാർത്ഥനയെന്ന ഗുളികയും കഴിക്കേണ്ടതാണ് പഥ്യം പാലിക്കാത്തവർ കമ്പനിയോട് പരാതിപ്പെടരുത്.

**ഒഫീഷ്യൽ വിസിറ്റർ:**—കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ ലോർഡ് ജീസസ് ക്രൈസ്റ്റ് നിങ്ങളുടെ ക്ഷണപ്രകാരം ഭവനങ്ങളിൽ കടന്നു വന്നു നിർദ്ദേശങ്ങൾ നൽകുന്നതാണ്.

## അനുഭവസ്ഥർ സംസാരിക്കുന്നു.

ദാവീദ് രാജാവ്—''തേനിലും തേൻകട്ടയിലും.
മാധുര്യമേറിയത്." (സങ്കീ:19:10)

ആത്മീയഗുരു പൗലോസ്:—''ജീവനും ചൈതന്യവുമുള്ളത്''
(എബ്രാ:4:12)

ഉണർവ്വ് പ്രസംഗകൻ പത്രോസ്—ജീവനുള്ളത്. നിലനിൽക്കുന്നത്
(1 പത്രോ:1:25)

ഡോക്ടർ ലൂക്കോസ്—''നന്നെന്ന് സൂക്ഷ്മമായി പരിശോധിച്ചിട്ട് എനിക്കും തോന്നിയിരിക്കുന്നു.

അനുഭവസ്ഥരുടെ സാക്ഷ്യങ്ങളിൽ കൂടി നിങ്ങൾക്ക് വിശ്വാസ്യമായ ഈ മായമില്ലാത്ത പാൽ സൗജന്യമായി വാങ്ങി പാനം ചെയ്യുവാൻ ഏവരേയും ക്ഷണിക്കുന്നു.

''ആകയാൽ ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ വചനമെന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പീൻ.''

Evng: സുകുമാർ പി. ജെയിംസ്

അസംബ്ലി ഓഫ് ഗോഡ് ദൂതനിൽ പ്രസിദ്ധീകരിച്ചത്